# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2829

27.01.2014 ൽ മറുപടിക്ക്

### ജനപങ്കാളിത്തത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.ശിവദാസൻ നായർ**<br>**ശ്രീ. എം.എ.വാഹീദ്**<br>**ശ്രീ. വി.റ്റി.ബൽറാം**<br>**ശ്രീ. അൻവർ സാദത്ത്** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) ജനപങ്കാളിത്തത്തോടെ ടൂറിസം കേന്ദ്രങ്ങളുടെ വികസനം നടപ്പാക്കുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) തയ്യാറാക്കിയ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ജനകീയതലം പ്രാദേശിക വികസന പ്രവർത്തനങ്ങളുമായി സമന്വയിപ്പിച്ച് ടൂറിസത്തിന്റെ വളർച്ചയും വികസനവും ഒരു സ്വാഭാവിക പ്രക്രിയയായി മാറ്റുകയും സാധ്യമായ മേഖലകളിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുകയും അതുവഴി പ്രദേശവാസികൾക്ക് തൊഴിലും വരുമാനവും സൃഷ്ടിക്കുകയുമാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |

(....2)

| | | | |
|---|---|---|---|
| സി) | ഏതെല്ലാം തരത്തിലുള്ള പങ്കാളിത്തമാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് | സി) | താഴെപ്പറയും പ്രകാരമുള്ള പങ്കാളിത്തമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്:<br>1. പഞ്ചായത്തിന്റെ വികസന പദ്ധതികളുമായി ഏകോപിപ്പിച്ച് സ്വകാര്യ സംരംഭകർക്ക് നടപ്പാക്കാവുന്ന വികസന പദ്ധതികൾ.<br>2. പഞ്ചായത്തുകൾക്ക് തങ്ങളുടെ വികസന പദ്ധതികളുമായി ബന്ധപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികൾ.<br>3. ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കാവുന്ന പദ്ധതികൾ.<br>4. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാവുന്ന പദ്ധതികൾ.<br>5. സ്വകാര്യ സംരംഭകർക്ക് നേരിട്ട് നടപ്പാക്കാവുന്ന പദ്ധതികൾ. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) | ജനപങ്കാളിത്തത്തോടെ ടൂറിസം വികസനം നടപ്പാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**